## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4042 12.11.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്**

### ജി.എസ്.ടി നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തിനുണ്ടായ നികുതി ചോർച്ച

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ജെ.മാക്സി | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി നടപ്പാക്കിയ 2017 ജൂലൈ മുതൽ നാളിതുവരെ സംസ്ഥാനത്തിനുണ്ടായ നികുതി ചോർച്ച എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ; ഏതൊക്കെ മേഖലകളിൽ നിന്നാണ് ഇത്തരത്തിലുള്ള നികുതി ചോർച്ച സംഭവിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി നടപ്പാക്കിയപ്പോൾ അതിർത്തി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കി. തന്മൂലം ഉണ്ടായ നികുതി ചോർച്ച തടയുന്നതിലേക്കായി പ്രധാന അതിർത്തി റോഡുകൾ കേന്ദ്രീകരിച്ച് ഇന്റലിജൻസ് സർവൈലൻസ് സ്ക്വാഡുകളെ വിന്യസിപ്പിച്ചു. കൂടാതെ സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കങ്ങൾ പരിശോധനാ വിധേയമാക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ വിന്യസിച്ചു. ചരക്ക് വാഹനങ്ങളിൽ നിയമാനുസൃത രേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തി അവ കണക്കിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് ഒരു പരിധി വരെ നികുതി ചോർച്ച തടയുന്നതിനുള്ള നടപടി സ്വീകരിച്ചു. വ്യാപാരികൾ സ്വയം നികുതി നിർണ്ണയം നടത്തി സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തി ശരിയായ രീതിയിലാണോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിരിക്കുന്നതെന്നും ഈ-വേ ബില്ലിൽ കാണിച്ചിരിക്കുന്ന തുകകൾ റിട്ടേണുകളിൽ പ്രതിഫലിച്ചിട്ടുണ്ടോ എന്നും പരിശോധനാ വിധേയമാക്കി നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബില്ല് ചോദിച്ചു വാങ്ങുന്ന പ്രവണത വളർത്തിയെടുക്കുന്നതിനുവേണ്ടി പത്രമാധ്യമങ്ങൾ വഴി ബോധവത്ക്കരണം നടത്തി നികുതി ചോർച്ച തടഞ്ഞുവരുന്നു. കൂടാതെ കട പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയ നികുതി നടപടികളും നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തവരുടേയും തെറ്റായ റിട്ടേൺ ഫയൽ ചെയ്യുവരേയും പരിശോധനാ വിധേയമാക്കി റിട്ടേൺ ഫയൽ ചെയ്യിപ്പിച്ചതിലൂടെ 324.84 കോടി രൂപ ലഭിക്കുകയും ചെയ്തു. നികുതി നിർണ്ണയം നടത്തി 1503.94 കോടി രൂപ ഡിമാന്റ് സൃഷ്ടിക്കുകയും ഉണ്ടായി. കൂടാതെ കട പരിശോധന വഴി 3.01 കോടി രൂപയുടെ നികുതി വെട്ടിപ്പുകളും ടെസ്റ്റ് പർച്ചേസിലൂടെ 0.56 കോടി രൂപയും 30.09.2019 വരെ ഈടാക്കിയിട്ടുണ്ട്. 1.50 കോടിയ്ക്ക് മുകളിൽ വിറ്റുവരവുള്ള വ്യാപാരികളുടെ 50 ശതമാനവും അതിന് താഴെ വിറ്റ് വരവുള്ള വ്യാപാരികളുടെ പത്തിലൊന്ന് ഫയലുകൾ വീതവും കേന്ദ്ര ജി.എസ്.ടി വകുപ്പാണ് ഭരണ നിർവ്വഹണം നടത്തുന്നത്. |
| (ബി) | ഇത് പരിഹരിക്കുവാൻ ധനകാര്യ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത് പരിഹരിക്കുവാൻ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. സ്വീകരിച്ച നടപടികൾ താഴെ സൂചിപ്പിക്കുന്നവയാണ്.<br><br>1. വ്യാപാരികൾ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേണുകൾ സ്കൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ ക്രയവിക്രയങ്ങൾ പരിശോധനാ വിധേയമാക്കി അനധികൃതമായി ഇൻപുട്ട് ക്രഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ച് പിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>2.ജി.എസ്.ടി.ആർ-2 എ അടിസ്ഥാനത്തിൽ ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് |

| | | |
|---|---|---|
| | | വരുന്ന എല്ലാ ചരക്ക വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലുമാണ്.<br><br>4. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>5. നികുതി വളർച്ച ഉറപ്പാക്കുന്നതിലേക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>6. നികുതി ചോർച്ച, നികുതി വെട്ടിപ്പ്, അനർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നിവ കൂടുതൽ ശാസ്ത്രീയമായി കണ്ടെത്തി, നികുതി നടപടികൾ കൂടുതൽ ലക്ഷ്യബോധത്തോടെ നിർവ്വഹിക്കുവാൻ ഉതകുന്നതിലേയ്ക്കായി വകുപ്പ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കേരള (IIITMK) യുമായി ഡാറ്റാ അനലറ്റിക്സ് ധാരണാ പത്രത്തിൽ ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | 2019-20 നടപ്പുവർഷം ഒക്ടോബർ 31 വരെ സംസ്ഥാനത്ത് ജി.എസ്.ടി, ജി.എസ്.ടി ഇതര നികുതികളിൽ നിന്ന് ആകെ കിട്ടിയത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കാലയളവിൽ എത്ര കോടി നേടിയെടുക്കാനാണ് ധനവകുപ്പ് ലക്ഷ്യമിട്ടതെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കാമോ; | (സി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷം സെപ്റ്റംബർ വരെയുള്ള ചരക്ക് സേവന നികുതി വരുമാനം (ജി.എസ്.ടി) 10142.43 കോടി രൂപയും, ജി.എസ്.ടി ഇതര വരുമാനം 24165.30 കോടി രൂപയുമാണ്. 2019-20 സാമ്പത്തിക വർഷം ജി.എസ്.ടി ഇനത്തിൽ 29010.62 കോടി രൂപയും ജി.എസ്.ടി ഇതര ഇനത്തിൽ 36773.98 കോടി രൂപയുമാണ് ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ.**